THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

കൈരളിയുടെ വരദാനം

# QUESTION BANK

**അർത്ഥം എഴുതുക**

നൂറ്റാണ്ട്-നൂറുവർഷം

വരദാനം-ശ്രേഷ്ഠമായ ദാനം

അമൂല്യം-വിലമതിക്കാനാവാത്ത

ഭാവുകന്മാർ-പ്രതിഭാശാലികൾ

മൗലികം-സ്വതന്ത്രം

മൈഥിലി-സീത

ഭൂഷ-ആഭരണം

അർണോജം-താമര

ഉൽപലം-കരിങ്കൂവളം

വന്ദ്യർ-ബഹുമാനം അർഹിക്കുന്നവർ

**വിഗ്രഹിക്കുക**

ഭാവാവിഷ്കരണം-ഭാവങ്ങളുടെ ആവിഷ്കരണം

ശ്വാശ്വതപ്രതിഷ്ഠ-ശ്വാശ്വതമായ പ്രതിഷ്ഠ

കഥാകഥനം-കഥകളുടെ കഥനം

അമൂല്യപ്രതിഭ-അമൂല്യമായ പ്രതിഭ

**എതിർപദം എഴുതുക**

ദുരാചാരംX സദാചാരം

പ്രശസ്തംX അപ്രശസ്തം

അധഃപതനംX ഉത്പതനം

ആദരണീയംഅനാദരണീയം

**ഉത്തരമെഴുതുക**

1. എഴുത്തച്ഛൻ കിളിപ്പാട്ട് രീതി സ്വീകരിച്ചത് എന്തിന് വേണ്ടിയായിരുന്നു

ഭക്തിയും ആധ്യാത്മിക ചിന്തയും ആവിഷ്കരിക്കുന്നതിനുള്ള കരുത്തുറ്റ ഉപാധിയായി എഴുത്തച്ഛൻ കിളിപ്പാട്ട് രീതിയെ ശക്തമാക്കി. മലയാളത്തിൽ ഇരുപതാം നൂറ്റാണ്ടുവരെ ഈ ശൈലി നിലനിൽക്കുകയും ചെയ്തു.

2. ഭാവുകന്മാർ എഴുത്തച്ഛനെ എന്തെല്ലാമായി പരിഗണിക്കുന്നു

TVIS

കേരളീയ ജനതയുടെ സാംസ്കാരിക പാരമ്പര്യത്തിന് സജീവ സംഭാവനകൾ നൽകിയ എഴുത്തച്ഛനെ ഭാവുകന്മാർ മലയാളഭാഷയുടെ പിതാവായി കണക്കാക്കുന്നു.

3.എഴുത്തച്ഛൻ ഭാഷയിൽ സ്വീകരിച്ച പ്രത്യേക തലം എന്ത്

സംസ്കൃത ബഹുലമായ മണിപ്രവാളം ഒരു ഭാഗത്തും തമിഴുകലർന്ന പാട്ടുരീതി മറുഭാഗത്തും രണ്ടു കൈവഴികളിലായി ഒഴുകിയിരുന്ന ഭാഷാരീതിയിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു തലമാണ് എഴുത്തച്ഛൻ ഭാഷയിൽ സ്വീകരിച്ചത്. ആധുനിക മലയാളഭാഷയോട് കിടപിടിക്കുന്ന എഴുത്തച്ഛൻ കാവ്യരീതി എക്കാലവും അനുകരണീയമാണ്.

TVIS